LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ഓക്ഷൻ

146 (4728) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ഓക്ഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതു പ്രകാരം ജനങ്ങൾക്ക് ലഭിക്കുന്നത് ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ഓക്ഷൻ സംവിധാനം നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി&സി) ഇ-ഓക്ഷൻ സംവിധാനം നടപ്പിലാക്കുന്നതുവഴി വിപണിയെ കൂടുതൽ മത്സരാധിഷ്ഠിതമാക്കുന്നതിനും അതുവഴി ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും മദ്ധ്യവർത്തികളെ മാറ്റിനിർത്തുന്നതിനും സാധിക്കുന്നതാണ്. ഇതുവഴി ഉല്പന്നങ്ങളുടെ വിൽപ്പന കൂടുതൽ സുതാര്യവും കാര്യക്ഷമവുമാകുന്നതാണ്.

കുപ്പിവെള്ള മൊത്ത വിതരണ കമ്പനികൾ ഗുണനിലവാരവും വില നിലവാരവും നിയന്ത്രിക്കാൻ നടപടി

147 (4729) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു ലഭ്യമാകുന്ന കുപ്പിവെള്ളങ്ങളുടെ മൊത്ത വിതരണ കമ്പനികൾ ഏതെല്ലാമെന്നും ഇവയിൽ ഏതെല്ലാം കമ്പനികൾക്ക് ജലവകുപ്പ് വിതരണ അനുമതി നൽകിയെന്നും അനുമതിയില്ലാതെയും യാതൊരു സർട്ടിഫിക്കറ്റുകൾക്കും പരിശോധനകൾക്കും വിധേയമാകാതെയും വിതരണം ചെയ്യുന്ന കമ്പനികൾ ഏതെല്ലാമെന്നും ഇവയെ നിയന്ത്രിക്കാൻ എന്തുനടപടികൾ സ്വീകരിച്ചു വെന്നും വ്യക്തമാക്കാമോ ;

(ബി) കുടിവെള്ളത്തിന് എന്തെല്ലാം സർട്ടിഫിക്കറ്റാണ് വേണ്ടത് എന്ന വകുപ്പ് നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കുടിവെള്ളത്തിന് വില നിശ്ചയിക്കുന്നത് ആരാണെന്നും ഇതിന് ജല വകുപ്പ് എന്ത നടപടി സ്വീകരിച്ചുവെന്നും കുപ്പിവെള്ളം വിതരണം ചെയ്യുമ്പോൾ അതിന് മിനിമം വില ഈടാക്കി പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ വകുപ്പ് എന്ത നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തുടനീളം ജലവകുപ്പിൻകീഴിൽ സർക്കാർ സ്രോതസ്സുകൾ ഉപയോഗിച്ച് കുറഞ്ഞ വിലയിൽ കുപ്പിവെള്ളം ലഭ്യമാക്കാൻ എന്ത നടപടി സ്വീകരിക്കും എന്ന വ്യക്തമാക്കുമോ ;

(ഇ) സ്വകാര്യ കുപ്പിവെള്ളത്തിന് ഗുണനിലവാരവും സർക്കാർ നിശ്ചയിച്ച വിലയും ഉറപ്പുവരുത്താൻ എന്ത നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ഐ.ടി. പാർക്കുകൾ

148 (4730) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളുടെ അഭൂതപൂർവ്വമായ വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ആകെ എത്ര ഐ.ടി. പാർക്കുകൾ ഉണ്ടെന്നും അവ എതൊക്കെയെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(സി) കൂടുതൽ ഐ.ടി പാർക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണെന്നും പുരോഗതിയും വിശദമാക്കുമോ ;

(ഡി) സംസ്ഥാന ഐ.ടി. പാർക്കുകളിൽ ആകെ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക്, കെ.എസ്.ഐ.ടി.ഐ.എൽ. എന്നീ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നിർമ്മിച്ചും നിർമ്മിച്ചുവരുന്നതുമായ ഐ.ടി. പാർക്കുകളിൽ ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജീകരിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly